**ക്രമപ്രശ്നം**

<u>ഭരണഘടനാപരമായ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ ബില്ലിലെ കണ്ടന്റ് യഥാർത്ഥത്തിൽ ഒരു സ്റ്റേറ്റ് സബ്ജക്ടാണ്. അത് എൻട്രി 6-ൽ ഭരണഘടനയിൽ ഉള്ള ഒരു വിഷയമാണ്. ആർട്ടിക്കിൾ 249 അനുസരിച്ച് ദേശീയ താത്പര്യമുള്ള ഒരു വിഷയമെന്നതിന്റെ അടിസ്ഥാനത്തിലാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കിയത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പാർലമെന്റ് 2010-ൽ പാസ്സാക്കിയ നിയമമാണ്. ഈ നിയമം പിന്നീട് ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങൾ ആർട്ടിക്കിൾ 252 (1) അനുസരിച്ച് റെസല്യൂഷൻകൊണ്ടുവന്ന് അഡോപ്റ്റ് ചെയ്യുകയാണ് ചെയ്തത്. അതായത് കേന്ദ്ര നിയമവും സംസ്ഥാന നിയമവും തമ്മിൽ കാതലായ ഒരു വ്യത്യാസവുമില്ല. ഒന്നുരണ്ട് കൗൺസിൽ അംഗങ്ങളുടെയും ആ കൗൺസിൽ രൂപീകരിച്ചിരിക്കുന്നതിലുള്ള ഒന്നുരണ്ട് മാറ്റങ്ങളുമേയുള്ളൂ. പാർലമെന്റ് പാസ്സാക്കിയ നിയമം അതുപോല തന്നെയാണ് ബിൽ ആയി കേരളത്തിൽ വന്നിരിക്കുന്നത്. അത്തരം ഘട്ടങ്ങളിൽ ആർട്ടിക്കിൾ 252 (1) അനുസരിച്ച് സംസ്ഥാന നിയമസഭകൾ റെസല്യൂഷൻ അഡോപ്റ്റ് ചെയ്താൽ മാത്രം മതി. ഇന്ത്യയിലെ ഏകദേശം എല്ലാ

സംസ്ഥാനങ്ങളും ചെയ്തിരിക്കുന്നത് അത് തന്നെയാണ്. ആസ്സാം, ബീഹാർ, ഝാർഖണ്ഡ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ തുടങ്ങിയ നിരവധി സംസ്ഥാനങ്ങൾ ആർട്ടിക്കിൾ 252 (1) അനുസരിച്ച് ഇത് അഡോപ്റ്റ് ചെയ്തിരിക്കുകയാണ്. മാത്രമല്ല നമ്മുടെ നിയമസഭയ്ക്കും ധാരാളം പ്രീസിഡെൻസ് ഇതുസംബന്ധിച്ചുണ്ട്. 1968-ലെ Adoption of Estate Duty Act in respect of Agricultural Land in State of Kerala, 1972-ലെ Wild Life Protection Act എന്നിങ്ങനെ ഒരു ഡസനിലധികം പാർലമെന്റ് പാസ്സാക്കിയ നിയമങ്ങൾ ആർട്ടിക്കിൾ 252 (1) അനുസരിച്ച് സ്റ്റേറ്റ് ലെജിസ്ലേച്ചർ പ്രമേയം അഡോപ്റ്റ് ചെയ്ത് പാസ്സാക്കിയിട്ടുണ്ട്. അടിസ്ഥാനപരമായ വ്യത്യാസങ്ങളൊന്നും കേന്ദ്രനിയമവും ഇപ്പോൾ സംസ്ഥാനത്ത് അവതരിപ്പിച്ചിരിക്കുന്ന ബില്ലും തമ്മിൽ ഇല്ലാത്തതുകൊണ്ട്..... സംസ്ഥാന നിയമസഭയ്ക്കുള്ള അധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല, നമുക്ക് ലെജിസ്ലേറ്റീവ് കോംപീറ്റൻസിയുണ്ട്. പക്ഷേ യഥാർത്ഥത്തിൽ അതിന്റെ ആവശ്യമില്ല. ഈ റെസല്യൂഷൻ അഡോപ്റ്റ് ചെയ്താൽ മാത്രം മതിയെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇന്ത്യൻ ഭരണഘടനയുടെ 249-ാം അനുഛേദ പ്രകാരം സംസ്ഥാന

ലിസ്റ്റിലെ വിഷയത്തിൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണെന്നത് ശരിയാണ്. എന്നാൽ ഭരണഘടനയുടെ 251-ാം അനുച്ഛേദ പ്രകാരം 249-ഉം 250-ഉം അനുച്ഛേദങ്ങളിലെ യാതൊന്നും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന് ഭരണഘടന പ്രകാരമുണ്ടാക്കാൻ അധികാരമുള്ള ഏതെങ്കിലും നിയമമുണ്ടാക്കാനുള്ള അധികാരത്തെ നിയന്ത്രിക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 249-ാം അനുച്ഛേദ പ്രകാരമുണ്ടാക്കിയിട്ടുള്ള നിയമം അതിനായി പ്രമേയം പാസ്സാക്കിയിട്ടുള്ള സംസ്ഥാനങ്ങൾക്കും പാർലമെന്റ് ഉണ്ടാക്കിയ നിയമം പ്രമേയം വഴി സ്വീകരിക്കുന്ന സംസ്ഥാനങ്ങൾക്കും മാത്രം ബാധകമായിരിക്കുന്നതാണെന്നും 251-ാം അനുച്ഛേദത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളം ഈ രണ്ട് വിധത്തിലും പാർലമെന്റുണ്ടാക്കിയ പ്രസ്തുത ആക്ട് സംസ്ഥാനത്ത് ബാധകമാക്കിയിട്ടില്ല. കൂടാതെ ഈ കാര്യങ്ങൾ പ്രസ്തുത കേന്ദ്ര ആക്ടിന്റെ ഒന്നാം വകുപ്പ് മൂന്നാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുമുണ്ട്. പ്രസ്തുത ആക്ട് കേരളത്തിൽ ബാധകമാക്കിയിട്ടില്ല. ഭരണഘടനയുടെ 252-ാം അനുച്ഛേദത്തിന് ഈ വിഷയത്തിൽ പ്രസക്തിയില്ല. ഈ അനുച്ഛേദ പ്രകാരമല്ല പാർലമെന്റ് നിയമം പാസ്സാക്കിയിട്ടുള്ളതും. ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് 2 സംസ്ഥാന ലിസ്റ്റിലെ 6-ാം ഉൾക്കുറിപ്പ് പ്രകാരം പൊതുജനാരോഗ്യവും ശുചീകരണവും ആശുപത്രികളും വൈദ്യശാലകളും എന്ന

വിഷയത്തിൽ നിയമമുണ്ടാക്കാൻ സംസ്ഥാന നിയമസഭയ്ക്കധികാരമുണ്ട്. മാത്രമല്ല കേന്ദ്ര നിയമത്തിൽ നിന്ന് ചില പ്രകടമായ വ്യത്യാസങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യത്തിനനുസരിച്ച് പുതിയ ബില്ലിൽ ചേർത്തിട്ടുമുണ്ട്. ബില്ലിന്റെ ചർച്ചാവേളയിൽ ഞാൻ അത് സൂചിപ്പിക്കാം. എല്ലാ സംസ്ഥാനങ്ങളും നിയമം അഡോപ്റ്റ് ചെയ്യുകയോ പ്രമേയം പാസ്സാക്കുകയോ ചെയ്തിട്ടില്ല. ചില സംസ്ഥാനങ്ങൾ സ്വന്തമായി നിയമം പാസ്സാക്കിയിട്ടുണ്ട്. ചില സംസ്ഥാനങ്ങൾ പ്രമേയം വഴി അംഗീകരിച്ചിട്ടുണ്ട്. നമ്മൾ സ്വന്തമായി നിയമം പാസ്സാക്കാൻ പോകുന്നുവെന്നതാണ് വസ്തുത. അതുകൊണ്ട് മേൽ പ്രസ്താവിച്ച കാരണങ്ങളാൽ പ്രസ്തുത ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, സ്വന്തമായി നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ടെന്ന് പറയുന്നത് ശരിയല്ല. 2010-ൽ പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നതിന് മുമ്പ് ആ സംസ്ഥാനങ്ങളിൽ ഇത്തരം കാര്യങ്ങളെ റെഗുലേറ്റ് ചെയ്യാനുള്ള നിയമമുണ്ട്. അത്തരം നിയമങ്ങൾ റിപ്പീൽ ചെയ്താൽ മാത്രമേ പാർലമെന്റ് പാസ്സാക്കിയ നിയമം അഡോപ്റ്റ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ തന്നെ പറയുന്നുണ്ട്. അതുവരെ ആ നിയമമാണ് അവിടെ തുടരുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞകാര്യങ്ങൾ ശരിയാണെങ്കിലും ആർട്ടിക്കിൾ പലതും

മാറ്റിയാണ് വായിച്ചത്. സഭയുടെ റെക്കോർഡിലുണ്ടാവുന്നതുകൊണ്ട് അത് ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും. ആർട്ടിക്കിൾ 251 -ൽ പറഞ്ഞിരിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങളല്ല. അതിൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് repugnant ആയ ഒന്നും സംസ്ഥാന നിയമസഭ പാസ്സാക്കുന്നതിലുണ്ടാകാൻ പാടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. സഭാ റെക്കോർഡിലുണ്ടാകുമെന്നതുകൊണ്ട് പറയുകയാണ്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് പ്രൊവിഷന് ഇൻകൺസിസ്റ്റന്റായ ഒന്നും പാസ്സാക്കാനുള്ള കോമ്പീറ്റൻസി നമുക്കില്ല. എന്നാൽ നമുക്ക് നിയമം പാസ്സാക്കാനുള്ള അധികാരമുണ്ട്. അത് ഞാൻ ആദ്യം തന്നെ എഗ്രി ചെയ്തതാണ്. എന്നാൽ മന്ത്രിപറയുന്ന വാദമുഖങ്ങൾ ഞാൻ പറഞ്ഞ കാര്യങ്ങൾക്ക് നിരക്കുന്നതല്ല.

(റൂളിംഗ്)